# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 96/2025** **തിരുവനന്തപുരം, തീയതി:07.05.2025**

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എംബിഎ (2006, 2009, 2014 & 2018 സ്കീമുകൾ - മേഴ്സിചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി 2025 മെയ് 14. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 ജൂണിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽബി പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ഇന്റേൺഷിപ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസ്സിലെ ഒപ്റ്റോ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഇന്റേൺഷിപ് ചെയ്യുവാൻ താല്പര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിവിധ യൂണിവേഴ്സിറ്റികളിലെ ബിടെക്, എംടെക്, എംഎസ്സി (ഇലക്ട്രോണിക്സ്, ഫിസിക്സ്, മെറ്റീരിയൽ സയൻസ്) കോഴ്സുകളിലെ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. Phone No. 8304050588, Email id: optoelectronics@keralauniversity.ac.in.

## പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എംബിഎ (ഫുൾടൈം) കോഴ്സുകളിലേക്കുള്ള 2025-26 വർഷത്തെ പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കൗൺസിലിങ്ങ് 2025 മെയ് 12 ന് ഉച്ചയ്ക്ക് ശേഷം കാര്യവട്ടം ഐ.എം.കെ. യിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക (www.keralauniversity.ac.in).

## ഇ-ഗ്രാന്റ്സ് തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2021-2022 അധ്യയന വർഷം മുതൽ Direct Benefit Transfer മുഖേന ഫീസിനത്തിലുള്ള egrantz തുക അതാത് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികൾ

ഈ തുക അടിയന്തിരമായി കേരള യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് ഒടുക്കി ആയതിന്റെ രസീത് വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ 2025 മെയ് 20നകം നേരിട്ട് സമർപ്പിക്കേണ്ടതാണ്. ഇതിനോടകം egrantz ഫീസ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇത് ബാധകമല്ല. കൂടുതൽ വിവരങ്ങൾക്ക് വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസുമായി ബന്ധപ്പെടുക. (Phone: 0471-2991173).



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**